## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.709** **04/02/2020 ൽ മറുപടിക്ക്**

## ദേവസ്വം ബോർഡുകളുടെ വരുമാനം

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം പൂർണ്ണമായും ദേവസ്വം ബോർഡുകൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (എ) | തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം അതത് ദേവസ്വം ബോർഡുകൾക്കുതന്നെയാണ് ലഭിക്കുന്നത്. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം അതത് ക്ഷേത്രങ്ങളുടെ അക്കൗണ്ടിലേയ്ക്കാണ് വരുന്നത്. |
| (ബി) | ഇക്കഴിഞ്ഞ മണ്ഡല-മകര വിളക്ക് കാലത്ത് ശബരിമലയിലെ നടവരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; കഴിഞ്ഞ സീസണെ അപേക്ഷിച്ച് എത്രത്തോളം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്, ശബരിമലയിൽ 84,34,53,619 രൂപയുടെ വർദ്ധനവ് ഈ വർഷം ഉണ്ടായിട്ടുണ്ട്. |
| (സി) | കഴിഞ്ഞ വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിന് 2019-20 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈമാറിയ തിയതി വെളിപ്പെടുത്താമോ; | (സി) | 2019-2020 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 100 കോടി രൂപയിൽ നിന്നും 30 കോടി രൂപ സ.ഉ (സാധാ).നമ്പർ.221/2019/റവ തീയതി 13.08.2019 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശബരിമല തീർത്ഥാടകർക്കായി ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) | 150 കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായം ലഭ്യമാക്കി ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ എസ്.പി.വി ആയും എൻ.ബി.സി.സി എന്ന കമ്പനിയെ പി.എം.സി ആയും തിരഞ്ഞെടുത്ത് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനുള്ള എം.ഒ.യു ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | ശബരിമലയെ വിശ്വാസികളുടെ തീർത്ഥാടനകേന്ദ്രമാക്കുന്നതിനും, അവിടെ എത്തുന്ന ഭക്തർക്ക് സൗകര്യം ഒരുക്കുന്നതിനും ദേവസ്വം ബോർഡ് പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഇ) | 2019-2020-ലെ ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്തി തീർത്ഥാടനം സുഗമമാക്കിയിട്ടുണ്ട്. കുന്നാർ ചെക്ക് ഡാം, കുമ്പളം തോട് എന്നീവിടങ്ങളിൽ നിന്നും വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് ലൈൻ ഉപയോഗിച്ചും ഈ വർഷം ആവശ്യാനുസരണം കുടി വെള്ളം ലഭ്യമാക്കിയിരുന്നു. പമ്പ മുതൽ ശബരിമലവരെ എല്ലാ സ്ഥലങ്ങളും ഔഷധക്കുടിവെള്ളവും ലഭ്യമാക്കി യിരുന്നു. ശബരിമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് 5 എം.എൽ.ഡി സീവേജ് ട്രീറ്റ് മെന്റ് പ്ലാന്റ് ഉപയോഗിച്ച് മാലിന്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുതു. 2018-ൽ പമ്പയിൽ പ്രളയത്തിൽ തകർന്ന ടോയ് ലെറ്റുകൾ പുതുക്കിപ്പണിതിട്ടുണ്ട്. ശബരിമലയിൽ 1000 ശുചിമുറികളും 100 കുളി മുറികളും പ്രവർത്തിപ്പിച്ചു. നിലയ്ക്കൽ, പമ്പ,സന്നിധാനം എന്നിവിടങ്ങളിൽ അയ്യപ്പ ഭക്തർക്കും വകുപ്പുകളിലെ സേവന ദാതാക്കളായ ഉദ്യോഗസ്ഥർക്കും സന്നദ്ധ സേവർക്കും ഉചിതമായ രീതിയിൽ താമസ സൗകര്യം ഏർപ്പെടുത്തി. ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്തെ |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിന്റെ മുകളിൽ 12000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2000 ചതുരശ്ര അടിയും വിസ്തൃതിയിലുള്ള വിരിഷെഡുകൾ സ്ഥാപിച്ചു.<br>ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ എമർജൻസി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വിപുലമാക്കി.<br>തീർത്ഥാടകർക്കാവശ്യമായ അപ്പം, അരവണ, വിഭൂതി തുടങ്ങിയവയും വഴിപാടുകൾക്കും ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തി തിരക്കൊഴിവാക്കിയ നടപടി ഭക്തർക്ക് വളരെ അധികം സഹായകമായി.<br>അയ്യപ്പ സേവാസംഘമുൾപ്പെടെയുള്ള വിവിധ സന്നദ്ധ സേവകരും പോലീസ് വകുപ്പിന്റേതുൾപ്പെടെയുള്ള എല്ലാ വകുപ്പുകളും ദേവസ്വം ബോർഡും വളരെ ഏകോപനത്തോടെ പ്രവർത്തിച്ചതിനാൽ തീർത്ഥാടനം കുറ്റമറ്റതാക്കിത്തീർക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ